# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 26.10.2022 മുതൽ 30.10.2022 വരെ)

# കോഴിക്കോട് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.കെ.ഡി. 85/2022 | തീയ്യതി: 25/10/2022 |
|---|---|

## എ. പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 38 | 32.0 – 34.1 | 24.5 – 25.5 | 66 - 92 | 00 - 06 |

## ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 26-10-2022 | 27-10-2022 | 28-10-2022 | 29-10-2022 | 30-10-2022 |
|---|---|---|---|---|---|
| മഴ, മി.മീ | 0.1 | 0.1 | 0.1 | 0.1 | 0.1 |
| കൂടിയ താപനില, °C | 34 | 34 | 34 | 33 | 33 |
| കുറഞ്ഞ താപനില, °C | 25 | 25 | 25 | 25 | 25 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 92 | 92 | 92 | 92 | 92 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 68 | 68 | 68 | 68 | 68 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 4 | 2 | 2 | 3 | 2 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 290 | 270 | 250 | 270 | 250 |
| മേഘ വിന്യാസം, ഒക്ടാ | 3 | 4 | 7 | 5 | 8 |

## സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | **ശക്തികുറഞ്ഞ മഴ, അല്ലെങ്കിൽ മിതമായ മഴ ലഭിക്കും **** | | |
| | (ഇരുപത്തിനാലു മണിക്കൂറിൽ 115.5മില്ലി വരെ) തീവ്രതയുള്ള ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട് .<br>ഇടിയ്ക്കും മിന്നലിനും സാധ്യതയുണ്ട്.<br>അടുത്ത രണ്ടാഴ്ചകളിലും ശരാശരി ( ആഴ്ചയിൽ 73 മില്ലി മീറ്റർ ) മഴ ലഭിക്കാൻ സാധ്യതയുണ്ട്. പ്രതി ദിന കൂടിയ ഊഷ്മാവ്, കുറഞ്ഞ ഊഷ്മാവ് എന്നിവ ശരാശരിയിൽ താഴെ ആയിരിക്കും.<br>ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. മഴയില്ലാത്ത ഇടവേളകളിൽ അധികരിച്ച ഉഷ്ണവും മഴ സമയത്ത് ശരാശരിയിൽ താഴ്ന്ന ഊഷ്മാവും അനുഭവപ്പെടും | | |

<table>
<tr>
<td><u>പൊതു നിർദ്ദേശങ്ങൾ</u></td>
<td colspan="3">നിലവിലെ കാലാവസ്ഥ ശൈത്യകാല പച്ചക്കറി. കാലാതീത പച്ചക്കറി എന്നിവയുടെ കൃഷിക്ക് അനുയോജ്യമാണ് .<br><br>വീണുകിടക്കുന്ന തേങ്ങാ, അടക്ക എന്നിവ പൂർണമായും നീക്കം ചെയ്യുക. രോഗം വന്നു നശിച്ച മരങ്ങൾ പൂർണമായും മുറിച്ചുമാറ്റി തീയിട്ടു നശിപ്പിക്കണം.<br><br>വാഴ പോലുള്ള മൃദുകാണ്ഡവും എളുപ്പത്തിൽ മറിഞ്ഞു വീഴുന്നതുമായ വിളകൾക്ക് താങ്ങുകൾ നൽകി സംരക്ഷിക്കും<br><br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര, വളം എന്നിവ സുരക്ഷിതമാക്കി സൂക്ഷിക്കുക</td>
</tr>
<tr>
<td>രണ്ടാം വിള (മുണ്ടകൻ)പാടം തയ്യാറാക്കുന്ന സമയം</td>
<td colspan="3">മണ്ണിൽ ഇരുമ്പിന്റെ അംശം കൂടുതലായതുകൊണ്ട് മണ്ണിലെ പുളിരസം വർദ്ധിക്കുന്നതിനും നെല്ലിന്റെ വളർച്ച മുരടിക്കുന്നതിനും കാരണമാകുന്നു. മണ്ണ് പരിശോധിച്ചതിനു ശേഷം ആവശ്യമായ അളവിൽ കുമ്മായം/ഡോളമേയ്റ്റ് ചേർത്ത് കൊടുക്കണം. മണ്ണ് പരിശോധന സാധ്യമായില്ല എങ്കിൽ പറിച്ചു നടുന്നതിനു രണ്ടാഴ്ച മുൻപേ പാടത്തു രണ്ടു തവണ എങ്കിലും വെള്ളം കയറ്റി നന്നായി വാർത്തു കളയുക. അതിനു ശേഷം കുമ്മായം/ഡോളമേയ്റ്റ് സെന്റിന് 2കിലോ ഗ്രാം എന്ന തോതിൽ മണ്ണുമായി നന്നായി ചേർത്തിളക്കണം. പറിച്ചു നട്ടതിന് ശേഷം 30-40 ദിവസം കഴിയുമ്പോൾ വീണ്ടും മേൽപ്പറഞ്ഞ അളവിൽ പാടത്തു വിതറി കൊടുക്കേണ്ടതാണ്. പൊട്ടാഷ് വളപ്രയോഗം കുമ്മായം ചേർത്ത് രണ്ടാഴ്ച കഴിഞ്ഞതിനു ശേഷമേ പാടുള്ളു. നിലമൊരുക്കുന്ന സമയത്തു ചാണകം /കമ്പോസ്റ്റു, പച്ചില വളം എന്നിവ സെന്റിന് 20കിലോ ഗ്രാം എന്ന തോതിൽ ചേർത്ത് ഉഴുതു മറിക്കണം.<br><br>പാടത്തെ വെള്ളവും പോഷകാംശങ്ങളും നഷ്ട്ടപെടാതിരിക്കാൻ ചുറ്റുമുള്ള വരമ്പുകളിലെ വിള്ളലും ദ്വാരങ്ങളും ചളി ഉപയോഗിച്ച് അടയ്ക്കുക.</td>
</tr>
<tr>
<td>പച്ചക്കറികൾ</td>
<td>തൈകൾ</td>
<td colspan="2">മണ്ണിൽ, സെന്റ് ഒന്നിന് നാല് കിലോ വീതം കുമ്മായം വിതറുക. കൂടാതെ ട്രൈക്കോഡെർമ സമ്പുഷ്ടമാക്കിയ ചാണകമോ കമ്പോസ്റ്റോ ഉപയോഗിക്കുക. ഇവ വാട്ട രോഗങ്ങളെ ചെറുക്കുന്നതിന് സഹായിക്കും.<br><br>പറിച്ചു നടുന്നതിനു തൊട്ടു മുന്നേ വേര് പ്സ്യൂഡോമോണാസ് ലായനി (20മില്ലി. പ്സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ)-ൽ അര മണിക്കൂർ മുക്കി വെക്കുക. നേരിട്ട് വിത്ത് നട്ടതാണെങ്കിൽ തൈകൾക്ക് ലായനി ഇലകളിൽ തളിക്കുക. ഇത് തൈകൾ കരുത്തോടെ വളരുന്നതിന് സഹായകമാകും.</td>
</tr>
<tr>
<td>നെല്ല്</td>
<td>ഞാറ്റടി/ തൈകൾ</td>
<td>ഓല ചുരുട്ടിപ്പുഴു<br></td>
<td>മുള്ളുള്ള കമ്പു നെല്ലോലകൾക്കിടയിലൂടെ വലിച്ച് ചുരുളുകൾ തുറക്കുക. തണൽ വീഴുന്ന സ്ഥലങ്ങളിൽ ആക്രമണം കൂടുതലായിരിക്കും. നൈട്രജൻ വളങ്ങൾ അമിതമായി ഉപയോഗികരുത്.<br><br>ആക്രമണം രൂക്ഷമാണെങ്കിൽ മാത്രം 'കൊറാജെൻ' 3 മില്ലി പത്ത് ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലർത്തി തളിക്കുക.</td>
</tr>
<tr>
<td>തെങ്ങ്</td>
<td>വിവിധ ഘട്ടം</td>
<td>മഞ്ഞളിപ്പ്<br></td>
<td>തെങ്ങൊന്നിന് 1 കിലോ കുമ്മായം + 1 കിലോ ഡോളോമൈറ്റ് ചേർക്കുക.<br><br>രണ്ടാഴ്ച കഴിഞ്ഞു തെങ്ങൊന്നിന് തടത്തിൽ 200ഗ്രാം ബോറാക്സ്, 500ഗ്രാം മഗ്നീഷ്യം സൾഫേറ്റ്, 100ഗ്രാം സിങ്ക് സൾഫേറ്റ് എന്നിവ ചേർത്ത് മണ്ണുമായി യോജിപ്പിക്കുക. കൂടാതെ തെങ്ങൊന്നിന് രണ്ടു കിലോ വീതം പൊട്ടാഷും ചേർക്കുക.</td>
</tr>
</table>

| | | | |
|---|---|---|---|
| വാഴ | വിവിധ ഘട്ടം | കടചീച്ചൽ  | ഒരു ലിറ്റർ വെള്ളത്തിൽ ഒരു ഗ്രാം വീതം ബാവിസ്റ്റിൻ കലർത്തിയ ലായനി തടത്തിലെ മണ്ണിൽ കുതിർക്കുക.<br>കൂടാതെ 25 മുതൽ 50 ഗ്രാം വരെ ബ്ലീച്ചിങ് പൌഡർ അടങ്ങിയ ചെറു തുണിക്കിഴികൾ വാഴത്തടങ്ങളിൽ നിക്ഷേപിക്കുക. |
| മാവ് | വിവിധ ഘട്ടം | കറ ചാട്ടവും വട്ടവും  | കറ ചാട്ടമുള്ള ഭാഗത്തിൽ ബോഡോകുഴമ്പു പുരട്ടുക. തടത്തിൽ ഹെക്സകൊണസോൾ (@ 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) കുതിർക്കുക. |
| മഞ്ഞൾ | വിവിധ ഘട്ടം | ഇല കരച്ചിൽ  | ഗുരുതരമായി ബാധിച്ച ഇലകൾ മുറിച്ചുമാറ്റി തീയിലിടുക.<br>ചെടികളിൽ കോപ്പർ ഓക്സിക്ലോറൈഡ് 2 ഗ്രം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. |
| കവുങ്ങ് | വിവിധ ഘട്ടം | ചീയൽ  | രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റുക.അകോമിൻ 3 മില്ലി 1ലി.വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി പശയും കൂടി ചേർത്ത് 25 ദിവസത്തെ ഇടവേളയിൽ തളിക്കുക.<br>കായ്ക്കുന്ന കവുങ്ങിന് രോഗം വരാതിരിക്കാനായി കൊസൈഡ് 2ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. കുമ്മായം, 500 ഗ്രാം ഒരു കവുങ്ങിന് എന്ന തോതിൽ, നൽകുക |
| വെള്ളരി വർഗ്ഗ വിള | വളർച്ചാ ഘട്ടം | മൃദുരോമ പൂപ്പൽ രോഗം  | വെള്ളരി വർഗ്ഗ വിളകളിൽ മൃദുരോമ പൂപ്പൽ രോഗം പടരാൻ സാധ്യത. മുൻ കരുതലായി മാങ്കോസെബ്ഞ് 2 ഗ്രാം ഒരു ലിറ്റർ വെളളത്തിൽ എന്ന തോതിൽ തയ്യറാക്കി ഇലകളുടെ ഇരു വശത്തും തളിക്കുക. രോഗം കാണുകയാണെങ്കിൽ അക്കോമിൻ 3 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന അനുപാതത്തിൽ 15 ദിവസ ഇടവേളകളിൽ മൂന്നു തവണ തളിക്കുക. രോഗബാധിത ഇലകൾ പറിച്ചെടുത്ത് തീയിട്ട് നശിപ്പിക്കുക |
| കന്നുകാലികൾ | നാലു മാസത്തിൽ കൂടുതൽ പ്രായമുള്ളവ | കുളമ്പു രോഗം | എത്രയും പെട്ടെന്ന്, അടുത്തുള്ള മൃഗാശുപത്രിയിൽ നിന്നും, കുത്തിവെപ്പ് നൽകുക |

**മഴ അപായ വർണ്ണ സൂചന (ദുരന്ത നിവാരണത്തിനായ്)

| | | | |
|---|---|---|---|
| **താക്കീത്<br>(ഉടൻ നടപടിയെടുക്കുക)** | **ജാഗ്രത<br>(തയ്യാറാവുക)** | **ശ്രദ്ധ<br>(കാതോർക്കുക)** | **നിസ്സാരം<br>(നടപടികൾ ആവശ്യമില്ല)** |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി